പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2879.

02.04.2013 ൽ മറുപടിക്ക്

## ധാന്യവില വർദ്ധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ:<br>„ പി.കെ. ഗുരുദാസൻ:<br>„ കെ. സുരേഷ് കുറുപ്പ്:<br>„ എസ്. രാജേന്ദ്രൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പൊതുവിപണിയിലെ ധാന്യവില വർദ്ധന കുറയ്ക്കുന്നതിനായി കേന്ദ്രം അധികമായി അനുവദിച്ച അരിയും ഗോതമ്പും സംസ്ഥാനത്തെ മിക്ക കാർഡുടമകൾക്കും ലഭിച്ചില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പ്രത്യേക അലോട്ട്മെന്റ് പ്രകാരം ലഭിച്ച ധാന്യങ്ങൾ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന കാർഡുടമകൾക്കാണ് വിതരണം ചെയ്യേണ്ടിയിരുന്നതെന്നും അർഹതപ്പെട്ട കാർഡുടമകൾക്ക് ധാന്യങ്ങൾ ലഭിക്കാതെ പോയതിന് കാരണവും വെളിപ്പെടുത്താമോ; | (എ)<br>+<br>(ബി) | പൊതുവിപണിയിലെ ധാന്യവില കുറയ്ക്കുന്നതിനായി കേന്ദ്രം 28.12.2012 ൽ ബി.പി.എൽ വിഭാഗങ്ങൾക്കായി അധികമായി അനുവദിച്ച അരിയും ഗോതമ്പും നിലവിൽ ബി.പി.എൽ കാർഡ് ലഭിച്ചവർക്കും 2009 ലെ ബി.പിഎൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ബി.പി.എൽ കാർഡ് ലഭിക്കാത്തവർക്കുമാണ് വിതരണം ചെയ്യാൻ നിർദ്ദേശിച്ചിരുന്നത്. 2009 ലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ബി.പി.എൽ കാർഡ് ലഭിക്കാത്ത കാർഡ് ഉടമകളുടെ റേഷൻ കാർഡിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് മുദ്ര പതിച്ച് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ വിഹിതം വിതരണം ചെയ്തുവന്നത്. ഇപ്രകാരം മുദ്ര പതിച്ച 10,79,445 റേഷൻ കാർഡുകൾ ഉള്ളതിൽ 10,33,480 കാർഡുകൾക്കും സ്പെഷ്യൽ അരിയും ഗോതമ്പും വിതരണം ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സീൽചെയ്ത് നല്കുന്നതിലുണ്ടായ കാലതാമസം കാരണം ഏതാനും കാരഡുടമകൾക്ക് ജനുവരി മാസം തന്നെ കാർഡുകൾ ഹാജരാക്കാൻ |

കഴിയാതെ വന്നിട്ടുണ്ട്. സീൽചെയ്ത കാർഡുകൾ ഹാജരാക്കിയ മുറയ്ക്ക് വിതരണം നടത്തിയിട്ടുണ്ട് :

(സി) കേന്ദ്രം അധികമായി അനുവദിച്ച അരിയുടെയും ഗോതമ്പിന്റെയും അളവ് എത്രയായിരുന്നുവെന്നും ആയത് എന്തു വിലയ്ക്കാണ് റേഷൻ കടകൾ വഴി വറ്റഴിക്കേണ്ടിയിരുന്നതെന്നും വിശദമാക്കാമോ ;

(സി) 1,32,725 മെ.ടൺ അരിയും 54,211 മെ.ടൺ ഗോതമ്പുമാണ് കേന്ദ്രം അധികമായി അനുവദിച്ചത്. അരിയുടെ വിൽപ്പനവില 6.20 രൂപയും ഗോതമ്പിന്റേത് 4.70 രൂപയുമാണ്. ഇതിൽ നിന്നും 9890 മെ.ടൺ അരി 1 രൂപ നിരക്കിൽ വിൽക്കുന്നതിന് വകമാറ്റുകയുണ്ടായി ;

(ഡി) അരി നിശ്ചയിക്കപ്പെട്ട വിലയേക്കാൾ കൂടിയ വില യ്ക്കാണ് മിക്ക റേഷൻ കടകളിലും വിറ്റഴിച്ചതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; ഇതിന്റെ പേരിൽ ഏതെങ്കിലും റേഷൻ കടകളുടെ പേരിൽ നടപടി. സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പരിശോധിച്ചിരുന്നു ; തിരുവനന്തപുരം ജില്ലയിൽ ഒരു റേഷൻകട ( എ.ആർ.ഡി - 28 സിറ്റി റേഷനിംഗ് ഓഫീസ്, നോർത്ത്) സസ്പെന്റ് ചെയ്തിട്ടുണ്ട് ;

(ഇ) അധികമായി അനുവദിച്ച ധാന്യങ്ങളിൽ സിംഹഭാഗവും റേഷൻകടകൾ വഴി വിതരണം ചെയ്യാതെ കരിഞ്ചന്തയിൽ മറിച്ചുവിറ്റതായി പരാതിയുയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വെളിപ്പെടുത്തുമോ ?

(ഇ) ചില പത്രമാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി പരിശോധനകൾ കർക്കശമാക്കാനും കാർഡുടമകളുടെ റേഷൻ കാർഡ് പരിശോധിച്ച് വിഹിതം ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ